"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - സംസ്ഥാന ആസൂത്രണ ബോർഡ് - ജീവനകാര്യം - ജോയിന്റ് ഡയറക്ടർ / ജില്ലാ പ്ലാനിംഗ് ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ / ഡെപ്യൂട്ടി ജില്ലാ പ്ലാനിംഗ് ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർ / അസിസ്റ്റന്റ് ജില്ലാ പ്ലാനിംഗ് ഓഫീസർ തസ്തികയിലേയ്ക്കുള്ള സ്ഥലം മാറ്റം - പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.321/2026/P&EA തീയതി,തിരുവനന്തപുരം, 01-08-2026

---

പരാമർശം:- (1) സ.ഉ.(സാധാ) നം.298/2026/P&EA തീയതി 20.07.2026.

(2) ശ്രീ.സി.എം.സുധീഷ് കുമാർ മുതൽപേർ ഫയൽ ചെയ്ത OA 883/2026-ന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 21.07.2026 തീയതിയിലെ ഉത്തരവ്

**<u>ഉത്തരവ്</u>**

സംസ്ഥാന ആസൂത്രണ ബോർഡിലെ ജോയിന്റ് ഡയറക്ടർ / ജില്ലാ പ്ലാനിംഗ് ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ / ഡെപ്യൂട്ടി ജില്ലാ പ്ലാനിംഗ് ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർ / അസിസ്റ്റന്റ് ജില്ലാ പ്ലാനിംഗ് ഓഫീസർ തസ്തികയിലേയ്ക്കുള്ള സ്ഥലം മാറ്റം, സ്ഥാനക്കയറ്റം നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

(2) സംസ്ഥാന ആസൂത്രണ ബോർഡിൽ 2026-ലെ പൊതുസ്ഥലം മാറ്റത്തിനു മുമ്പായി piecemeal സ്ഥലംമാറ്റങ്ങൾ നടത്തുന്നതിനെതിരെ ശ്രീ.സുധീഷ് കുമാർ മുതൽപേർ ഫയൽ ചെയ്തിരുന്ന OA 883/2026 കേസിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (2) ഉത്തരവിൽ ശ്രീ.സി.എം.സുധീഷ് കുമാർ, ശ്രീ.പ്രതീഷ് എ. എന്നിവരെ അവർ സേവനമനുഷ്ഠിച്ചിരുന്ന സ്റ്റേഷനുകളിൽ ഒരു മാസത്തേയ്ക്ക് നിലനിർത്തുവാൻ ഉത്തരവായിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം സ്ഥലം മാറ്റപ്പെട്ടിരുന്ന ശ്രീ.പ്രദീഷ് എ., ഡെപ്യൂട്ടി ജില്ലാ പ്ലാനിംഗ് ഓഫീസറെ കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസിലും, ശ്രീ.സുധീഷ് കുമാർ സി.എം, അസിസ്റ്റന്റ് ജില്ലാ പ്ലാനിംഗ് ഓഫീസറെ കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസിലും, നിലനിർത്തികൊണ്ട് ഉത്തരവാകുന്നു. കോഴിക്കോട് ജില്ലാ ഡെപ്യൂട്ടി പ്ലാനിംഗ് ഓഫീസറായി നിയമിച്ചിരുന്ന ശ്രീമതി നജ്മുന്നീസ കെ.-യെ സംസ്ഥാന ആസൂത്രണ ബോർഡിൽ കൃഷി വിഭാഗം ഡെപ്യൂട്ടി ഡയറക്ടറുടെ ഒഴിവിലും,

കാസർകോഡ് അസിസ്റ്റന്റ് ജില്ലാ പ്ലാനിംഗ് ഓഫീസറായി നിയമിച്ചിരുന്ന ശ്രീ.സുനിൽകുമാർ ഫിലിപ്പിനെ സംസ്ഥാന ആസൂത്രണ ബോർഡിൽ വിലയിരുത്തൽ വിഭാഗം അസിസ്റ്റന്റ് ഡയറക്ടറുടെ ഒഴിവിലും നിയമിച്ചും ഉത്തരവാകുന്നു.

(4) പരാമർശം (1)-ലെ സ്ഥലംമാറ്റ ഉത്തരവിനെ തുടർന്ന് ഹാജർ രേഖപ്പെടുത്താൻ കഴിയാതിരുന്ന ഉദ്യോഗസ്ഥരുടെ waiting for posting കാലയളവ് ക്രമീകരിക്കുന്നതിനുള്ള പ്രപ്പോസൽ മെമ്പർ സെക്രട്ടറി അടിയന്തരമായി ലഭ്യമാക്കേണ്ടതാണ്.

(5) പരാമർശം (2) പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് ഇപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
3. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ് മുഖേന)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
5. ജില്ലാ ട്രഷറി ഓഫീസർ തിരുവനന്തപുരം/കോഴിക്കോട്/കാസർകോഡ്
6. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Digitally signed by
Suja. B
Date: 01-08-2026
15:22:24
സെക്ഷൻ ഓഫീസർ

പകർപ്പ് :-

1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.